WEDNESDAY 29-03-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–29/03/2023.

1. കരകുളം കൃഷിഭവൻ പരിധിയിലെ വട്ടപ്പാറ ജംഗ്ഷന് സമീപം കൃഷിഭവന്റെ സബ്സെന്റർ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്തു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷി നശിക്കുന്ന കർഷകർക്ക് വേണ്ടി സോളാർ വേലിയുൾപ്പടെയുള്ള സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് 2 കോടി രൂപ നീക്കിവെച്ചു. കൂടാതെ ആർ കെ വി വൈ പദ്ധതിയിലും കർഷകർക്ക് വേണ്ട ധനസഹായം കണ്ടെത്തും. കൃഷിയിൽ നിന്നുള്ള വരുമാനത്തിലധികം കർഷകന് ലഭിക്കുവാൻ മൂല്യവർദ്ധനവ് നടത്തണമെന്നും, അത്തരം കാർഷിക മൂല്യവർധിത ആശയങ്ങൾ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ പ്രാവർത്തികമാക്കുമെന്നും മന്ത്രി പറഞ്ഞു. അതിനായി 11 വകുപ്പുകൾ സംയോജിപ്പിച്ച് 2109 കോടി രൂപയുടെ പദ്ധതികളുമായി മൂല്യവർധിത കൃഷി മിഷൻ രൂപീകരിച്ചു. ഒരു കൃഷി ഭവൻ ഒരു ഉൽപ്പന്നം എന്ന തോതിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കും. മൂല്യ വർധിത മേഖലയിൽ കർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുവാൻ രാജ്യത്തിനകത്തും പുറത്തുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കും. അതിന്റെ ആദ്യ പടിയായി 26 ആദിവാസി കർഷകർക്ക് ചെറുധാന്യങ്ങളുടെ മൂല്യവർദ്ധനവിൽ പരിശീലനം നൽകി. ഇസ്രായേലിലെ ആധുനിക കൃഷിരീതികൾ പഠിക്കുന്നതിന് ഒരു കർഷകസംഘവും പോയി വന്നു. കൂൺ കൃഷി പഠിക്കുന്നതിന് ഒരു സംഘം സോളാനിൽ പങ്കെടുത്തു. ഇത്തരം കർഷകരെ മാസ്റ്റർ കർഷകരാക്കുകയും എല്ലാകർഷകർക്കും പരിശീലനം നൽകുകയും ചെയ്യുമെന്ന് മന്ത്രി പറഞ്ഞു.

2. കേരള സംസ്ഥാന കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യത്തിനായി കർഷകർക്ക് ജൂൺ 30 വരെ അപേക്ഷിക്കാവുന്നതാണെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. കടാശ്വാസ കമ്മീഷൻ മുഖേന കാർഷികവായ്പകൾക്കു നൽകിവരുന്ന കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി ഇടുക്കി, വയനാട് ജില്ല ഒഴികെ മറ്റു എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ആഗസ്റ്റ് 31 വരെയും ആയി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിനായി 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ കേരള സംസ്ഥാന

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കടാശ്വാസ കമ്മീഷനിൽ കർഷകർക്ക് കടാശ്വാസത്തിന് അപേക്ഷ നൽകാവുന്നതാണ്. കർഷകർ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നളത്.

3. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും 29/03/2023 നു പഴചെടികളിലെ ബഡ്ഡിംഗ്, ഗ്രാഫ്റ്റിങ് , ലയറിങ് തുടങ്ങിയവയെക്കുറിച്ചുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഫീസ് 350 രൂപയാണ്. പങ്കെടുക്കുന്നവർക്ക് പ്രായോഗിക പരിശീലനത്തോടൊപ്പം സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. താല്പര്യമുള്ളവർ 9037915185 എന്ന നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണിവരെയുള്ള സമയങ്ങളിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. കശുമാവിൽ കീടങ്ങളുടെയും രോഗങ്ങളുടെയും ശാസ്ത്രീയ നിയന്ത്രണത്തിന് വിദഗ്ധോപദേശവുമായി "കാഷ്യു പ്രൊട്ടക്ട്" എന്ന മൊബൈൽ ആപ്പ് പുറത്തിറങ്ങി. .ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിൽ കർണാടകയിലെ പുത്തൂരിലുള്ള കശുമാവ് ഗവേഷണ ഡയറക്ടറേറ്റ് വികസിപ്പിച്ചെടുത്തതാണ് ഈ ആപ്പ്. ഇതിനുമുമ്പ് "കാഷ്യു ഇന്ത്യ" എന്ന ഒരു ആപ്പും ഈ കേന്ദ്രം പുറത്തിറക്കിയിരുന്നു. കശുമാവിലെ പരിപാലന മുറകൾ ഇനം തിരിച്ച് നൽകുന്ന ഈ ആപ്പ് വഴി കമ്പോള നിലവാരവും അറിയാം. ഇപ്പോൾ വികസിപ്പിച്ച പുതിയ "കാഷ്യൂ പ്രൊട്ടക്ട്" ആപ്പ് വഴി രോഗ കീടങ്ങളെ മനസ്സിലാക്കുന്നതിനും അതിനു അവലംബിക്കേണ്ട ശാസ്ത്രീയ നിയന്ത്രണ മാർഗ്ഗങ്ങൾ മനസ്സിലാക്കാനും സാധിക്കും. ആൻഡ്രോയിഡ് മൊബൈലുകളിൽ പ്ലേസ്റ്റോറിൽ നിന്നും കാഷ്യു പ്രൊട്ടക്ട് എന്ന ആപ്പ് ഡൗൺലോഡ് ചെയ്താൽ ഈ വിവരങ്ങൾ കർഷകർക്ക് ലഭിക്കുമെന്ന് മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രം മേധാവി ഡോ. ജലജ എസ് മേനോൻ അറിയിച്ചു. ആപ്പ് തുറന്നു വരുന്നതോടെ സജീവമാകുന്ന ക്യാമറ ഉപയോഗിച്ച് തൽക്ഷണം ഫോട്ടോ അപ്ലോഡ് ചെയ്യുക വഴി കീടാക്രമണം തിരിച്ചറിയാനും നിയന്ത്രണ മാർഗങ്ങൾ മനസ്സിലാക്കാനും സാധിക്കുമെന്നതാണ് ഈ ആപ്പിന്റെ മേന്മ. കൂടുതൽ വിവരങ്ങൾക്ക് 9902273468 എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കരാർ ഫാമുകൾ വളർത്തിയെടുത്ത 40 മുതൽ 45 ദിവസം വരെ പ്രായമുള്ള, ശരാശരി 2.0 കിലോയ്ക്ക് മുകളിൽ തൂക്കമുള്ളതുമായ ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ട്. താൽപ്പര്യമുള്ളവർ 0471-2478585, 2468585, 9495000922 എന്നീ നമ്പരുകളിൽ ബന്ധപ്പെട്ടോ, kepcopoultry@gmail.com. എന്ന ഇ-മെയിൽ വിലാസത്തിലോ എടുക്കാൻ കഴിയുന്ന നിരക്ക് അറിയിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ടി.സി. 30/697, പേട്ട, തിരുവനന്തപുരം 695024

6. റബ്ബർപുകപ്പുരകളെക്കുറിച്ചും അവയുടെ ന്യൂനതകൾ പരിഹരിക്കുന്നതിനെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. റബ്ബർബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ(എഞ്ചിനീയറിങ്) ടോംസൺ ഫ്രാൻസിസ് കർഷകരുടെ ചോദ്യങ്ങൾക്ക് 2023 മാർച്ച് 29 ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. 04812576622 എന്ന കോൾ സെന്റർ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം